# കേരള സർവകലാശാല

നം. പി.ആർ.169/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എൽ.ഐ.എസ്.സി, ലൈബ്രറി ക്ലാസിഫിക്കേഷൻ ആന്റ് കാറ്റലോഗിംഗ് പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ 26-ന് നടത്താനിരുന്ന ബി.എൽ.ഐ.എസ്.സി, ലൈബ്രറി ക്ലാസിഫിക്കേഷൻ ആന്റ് കാറ്റലോഗിംഗ് പരീക്ഷ ആഗസ്റ്റ് 11-ന് നടക്കും. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

### മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം 2016 ആഗസ്റ്റിൽ നടത്തിയ ഒന്നും രണ്ടും വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ സപ്ലിമെന്ററി പരീക്ഷ ഓഫ്ലൈനായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷ എഴുതിയ കേന്ദ്രങ്ങളിൽ നിന്നും മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റേണ്ടതാണ്. ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ് (2013 അഡ്മിഷൻ) പരീക്ഷ എഴുതിയ ചുവടെ ചേർക്കുന്ന രജിസ്റ്റർ നമ്പറുള്ള വിദ്യാർത്ഥികൾ കാരിക്കോട് ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നും മാർക്ക്ലിസ്റ്റ് കൈപറ്റേണ്ടതാണ്. 34051 – 34059, 34251 – 34338.

### എം.എ മ്യൂസിക് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എ മ്യൂസിക് (2015–17) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ശ്രീലക്ഷ്മി എസ്.ആർ (MUC 150501/2017) ഒന്നാം റാങ്ക് നേടി.

### ബി.എച്ച്.എം ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) യുടെ ആറാം സെമസ്റ്റർ (2011 സ്കീം – സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 31-ന് അതാത് കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി ഫലം

കേരള സർവകലാശാല മെയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസിന്റെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 21 വരെ അപേക്ഷിക്കാം.

### ബി.ഡി.എസ് പ്രാക്ടിക്കൽ പരീക്ഷയും വൈവാ വോസിയും

കേരള സർവകലാശാല ജൂണിൽ നടത്തിയ അവസാന വർഷ ബി.ഡി.എസ് പാർട്ട് ഒന്ന് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും വൈവാ വോസിയും ജൂലൈ 29 മുതൽ അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
28.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098